**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **27-07-2021 - ൽ മറുപടിയ്ക്ക്**

**നെല്ലുൽപ്പാദനരംഗത്തെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെല്ലുൽപ്പാദനം കഴിഞ്ഞ വർഷങ്ങളിൽ വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | നെല്ലിന്റെ ഉത്പാദനത്തിൽ വർദ്ധനവ് കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി 2017-18 വർഷത്തിൽ 5,21,310 ടൺ നെല്ല് ഉത്പാദിപ്പിച്ചിരുന്നത് 2019-20 വർഷത്തിൽ 6,05,541 ടൺ ആയി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ പത്ത് വർഷങ്ങളിലെ നെല്ലുൽപ്പാദനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ പത്ത് വർഷത്തെ നെല്ലിന്റെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | നെല്ലുസംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് സംഭരിക്കുന്ന നെല്ലിന് കർഷകന് നൽകുന്നത്; | (സി) | സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. സംഭരണം അവസാനിച്ച 2020-21 സീസണിൽ ഒരു കി.ഗ്രാം നെല്ലിന് 27.48 രൂപ നിരക്കിൽ നൽകിയാണ് നെല്ല് സംഭരിച്ചത്. അടുത്ത സീസൺ മുതൽ സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി., കിലോ ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച്, ആകെ 28 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതാണ്. |
| (ഡി) | എന്നുവരെയുള്ള, സംഭരിച്ച നെല്ലിന് വില നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സപ്ലൈകോ വഴി നെല്ല് സംഭരിച്ച ഇനത്തിൽ 2021 മെയ് മാസംവരെ സംഭരിച്ച നെല്ലിന്റെ വില നൽകിയിട്ടുണ്ട്. സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ 22.07.2021 വരെയുള്ള കണക്ക് പ്രകാരം കർഷകർക്ക് നൽകുവാൻ 82.94 കോടി രൂപ കുടിശ്ശികയുണ്ട്. ആയത് പി.ആർ.എസ് (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പാപദ്ധതി പ്രകാരം നൽകി വരുന്നു. പി.ആർ.എസ് വായ്പ പദ്ധതിയ്ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് |

| | | | |
|---|---|---|---|
| | | | രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേ ഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ലോൺ കാലാവധി തീരുന്ന മുറയ്ക്ക് ബാങ്കിൽ നിന്നും ക്ലെയിം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ലോൺ തുകയും അതിന്റെ പലിശയും ബാങ്കിനു നൽകും. ടി പദ്ധതി പ്രകാരം സമയബന്ധിതമായി കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ പത്ത് വർഷത്തെ നെല്ലിന്റെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ**

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉത്പാദനം (ടൺ) | ഉത്പാദനക്ഷമത (കിലോ/ഹെക്ടർ) |
|---|---|---|---|
| 2011-12 | 208160 | 568993 | 2733 |
| 2012-13 | 197277 | 586297 | 2972 |
| 2013-14 | 199611 | 564325 | 2827 |
| 2014-15 | 198159 | 562092 | 2837 |
| 2015-16 | 196870 | 549275 | 2790 |
| 2016-17 | 171398 | 436483 | 2547 |
| 2017-18 | 194235 | 521310 | 2684 |
| 2018-19 | 202907 | 661000 | 3528 |
| 2019-20 | 198180 | 605541 | 3056 |
| 2020-21 | 200809 | 671739 (Production of Puncha estimated) | 3345 |

**സെക്ഷൻ ഓഫീസർ**